# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ മുഖപത്രം)

'അലകൾ' വായിക്കുക,
വരിക്കാരാവുക, പ്രചരിപ്പിക്കുക

**അലകൾ തപാലിൽ ലഭിക്കാൻ**
**100 രൂപ മണിയോർഡറായി അയക്കുക**

മാനേജർ, അലകൾ, ചെറുരശ്മി സെന്റർ, വലിയതുറ പി.ഒ.,
തിരുവനന്തപുരം - 695008

പുസ്തകം 5 ലക്കം 50 ▸▸ തിരുവനന്തപുരം ▸▸ 1 ജൂലൈ 2020 www.alakal.net വില 2 രൂപ


# കേരളത്തിലെ പരമ്പരാഗത കമ്പവല (കരമടി) സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങൾ



മത്സ്യകൂട്ടത്തെ ഒരു വല ഉപയോഗിച്ച് വളച്ചു ചുറ്റിപ്പിടിക്കുകയും അത് കരയിലേക്ക് വലിച്ചു കയറ്റുകയും ചെയ്യുന്ന ഒരു പരമ്പരാഗത മത്സ്യബന്ധന മാർഗ്ഗമാണ് കമ്പവല (കരമടി). ഗുജറാത്ത് ഒഴികെയുള്ള എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കമ്പവലി (കരമടി) ഉപയോഗിച്ചു വരുന്നു. ഇന്ത്യയിലെ കമ്പവലകൾ രണ്ട് തരമുണ്ട്, മടി ഉള്ളവയും മടി ഇല്ലാത്തവയും (With Codend & Without Codend). കേരളത്തിൽ കണ്ടുവരുന്ന കമ്പവലയുടെ പിൻഭാഗത്തായി മത്സ്യങ്ങളെ ശേഖരിക്കുന്നതിനുവേണ്ടി ഒരു ബാഗ് (മടി/കോഡെന്റ്) ഉണ്ട്. അതേസമയം മഹാരാഷ്ട്ര, ഗോവ, കർണാടക എന്നിവിടങ്ങളിലെ പരമ്പരാഗത കമ്പവലയിൽ ഈ പ്രത്യേകമായ ബാഗ് (മടി/കോഡെന്റ്) കണ്ടുവരുന്നില്ല. കേരളത്തിലെ തീരദേശങ്ങളിൽ പ്രവർത്തിപ്പിക്കുന്ന കമ്പവലകളുടെ എണ്ണത്തിൽ വിശദവും വിശ്വസനീയവുമായ ഒരു വിവരശേഖരണമില്ല. മത്സ്യമേഖലയിലെ യന്ത്രവത്ക്കരണത്താൽ ഇന്ത്യയിലെ കമ്പവലയുടെ ഉപയോഗം കുറഞ്ഞിരിക്കുന്നു. SIFFS ന്റെ 1998 ലെ വിവരപ്രകാരം 1115 കമ്പവലകളാണ് കേരളത്തിലെ തീരദേശ ജില്ലകളിൽ ഉപയോഗിച്ചുവരുന്നത്.

സി.ഐ.എഫ്.ടി., കൊച്ചിയുടെ പഠനത്തിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് കഴിഞ്ഞ രണ്ട് ദശകങ്ങളിലായ് കേരള തീരപ്രദേശങ്ങളിൽ കമ്പവല ഉപയോഗം കുറഞ്ഞു വരികയാണ്. കേരളത്തിലെ ഒൻപത് തീരദേശ ജില്ലകളിൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് കമ്പവല അധികമായി ഉപയോഗിക്കുന്നത്.

സീസൺ അനുസരിച്ച് 20 മുതൽ 40 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. സാധാരണയായി കമ്പവല വർഷം മുഴുവൻ പ്രവർത്തിപ്പിക്കാറുണ്ടെങ്കിലും ഇടവപ്പാതിക്ക് (തെക്കുപടിഞ്ഞാറൻ തീരത്ത് മൺസൂണിനു) ശേഷമുള്ള സമയങ്ങളിലാണ് ഇത് കൂടുതലായി ഉപയോഗിക്കാറുള്ളത്. കമ്പവലയുടെ പ്രവർത്തനത്തിന് 1 മുതൽ 3 മണിക്കൂർ വരെ സമയം ആവശ്യമാണ്.

സി.ഐ.എഫ്.ടി.യുടെ പഠനകാലയളവിൽ കണ്ടെത്താനായത്, ശരാശരി 50 മുതൽ 100 കി. മത്സ്യമാണ് കമ്പവലയിൽ നിന്നും ലഭ്യമാകുന്നത്. ഇതിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 60 ശതമാനവും ഉടമയ്ക്ക് 40 ശതമാനവും പ്രതിഫലമായി ലഭിക്കുന്നു. 500 മുതൽ 1500 രൂപയാണ് ഓരോ മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്ന പ്രതിദിന വരുമാനം. മത്തി, അയല, കൊഴുവ, കൊഞ്ച്, മുരൾ, വറ്റ തുടങ്ങിയവയാണ് പൊതുവെ കമ്പവലയിൽ നിന്നും ലഭിക്കുന്നത്.

### മറ്റ് വലകളെ അപേക്ഷിച്ച് കമ്പവലയുടെ പ്രത്യേകതകൾ:

കമ്പവലയുടെ ഉപയോഗത്തിൽ നിരവധി സുപ്രധാന മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ചില നിർദ്ദിഷ്ഠ സ്ഥലങ്ങളിൽ ഇത് സജീവമായി പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്നു. സാമൂഹിക-സാമ്പത്തിക പ്രസക്തി കാരണം ഈ വലയ്ക്ക് പ്രാധാന്യം അർഹിക്കുന്നു.

സാധാരണയായി ഈ വല വ്യക്തിഗത ഉടമസ്ഥതയിൽ ഉള്ളതാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ഇത് കൂട്ടുടമസ്ഥതയിൽ ഉള്ളതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് കമ്പവലകൾ പ്രവർത്തിപ്പിക്കുന്നത്. നിലവിൽ ഈ വല ദ്വിതീയ ഉപജീവനത്തിനുള്ള (alternate livelihood) ഒരു മാർഗ്ഗമായി മാത്രമേ കണക്കാക്കുന്നുള്ളൂ. കേരളത്തിൽ കമ്പവല ഉപയോഗിക്കുന്നത് ദീർഘകാല മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കാത്ത പ്രായംചെന്ന മത്സ്യത്തൊഴിലാളികളാണ്.

യന്ത്രവൽകൃത വലകളായ ട്രോളിംഗ്, പേഴ്സിംഗ് തുടങ്ങിയ മത്സ്യബന്ധന പ്രവർത്തനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ഇന്ധന ഉപയോഗം കുറവായതിനാൽ അന്തരീക്ഷത്തിലേക്കുള്ള കാർബണിന്റെ ഉത്ഭവനം കുറവാണ്. മാത്രമല്ല, ഇത് പരിസ്ഥിതി സൗഹാർദ്രമാണ്.

കമ്പവലയുടെ ഭാഗങ്ങൾ നഷ്ടപ്പെടാനുള്ള സാധ്യതയും അതുവഴിയുണ്ടാകുന്ന പ്രേതമത്സ്യബന്ധനവും (ghost fishing) കുറയ്ക്കാനും കഴിയും.

കമ്പവല വലിക്കുന്ന മത്സ്യത്തൊഴിലാളികൾ ശാരീരികക്ഷമതയുള്ളവരാണെന്നും കൂടുതൽ ആയുർദൈർഘ്യം ഉണ്ടെന്നും മത്സ്യതൊഴിലാളികളുടെ ഇടയിൽ ഒരു ധാരണയുണ്ട്. കമ്പവലയുടെ മടിഭാഗങ്ങൾ വളരെ ചെറിയ കണ്ണിവലിപ്പവും അതുകാരണം ചെറുമത്സ്യങ്ങൾ ഇതിൽ ധാരാളമായി വന്നു പെടുകയും ചെയ്യുന്നു. പല സംസ്ഥാനങ്ങളിലും കമ്പവലയുടെ മടി (കോഡെന്റ്) യുടെ വലിപ്പത്തിന് നയങ്ങളും നിയന്ത്രണങ്ങളുമുണ്ട്.

ഉദാ: ലക്ഷദ്വീപ് ഫിഷറീസ് റെഗുലേഷൻ ആക്ട് പ്രകാരം 20 mm താഴെ കണ്ണി വലിപ്പമുള്ള കോഡെന്റ് നിരോധിച്ചിരിക്കുന്നു. ആൻഡമാൻ നിക്കോബാർ കമ്പവലകളിൽ 25 mm കണ്ണി വലിപ്പത്തിൽ താഴെയുള്ള കമ്പവലകൾ പ്രവർത്തിപ്പിക്കാൻ അനുവാദമില്ല. പശ്ചിമ ബംഗാളിലും ഇതേ നയവും നിയന്ത്രണവുമുണ്ട്. എന്നാൽ കേരളത്തിൽ ഇതിനൊരു നിയന്ത്രണവും നടപ്പിലാക്കിയിട്ടില്ല.

കേരളത്തിലെ ഉത്തരവാദിത്തമുള്ള കമ്പവല മത്സ്യബന്ധനത്തിനുള്ള സാങ്കേതിക മാർഗനിർദ്ദേശങ്ങൾ:

കമ്പവലകളിൽ ചെറുമത്സ്യങ്ങളുടെ എണ്ണം കുറക്കുന്നതിന് നിലവിലുള്ള കോഡെന്റ് കണ്ണി വലുപ്പം 8 മുതൽ 10 mm ൽ നിന്നും 22 mm ആയി ഉയർത്തേണ്ടതുണ്ട്. വല വലിക്കുമ്പോൾ ഡയമണ്ട് വല കണ്ണികൾ അടഞ്ഞു പോകുന്നത് വഴി ചെറുമത്സ്യങ്ങൾക്ക് രക്ഷപ്പെടാൻ പറ്റാതാവുകയും ചെയ്യുന്നതിനാൽ കോഡെന്റ് ഭാഗത്ത് ചതുരക്കണ്ണികൾ നിർദ്ദേശിക്കുന്നു. പിടിച്ച മത്സ്യങ്ങളുടെ ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി മണ്ണിലിടാതെ സൂക്ഷിക്കേണ്ടതാണ്. കേരള മത്സ്യബന്ധന വകുപ്പ് കമ്പവലയുടെ വിശദമായ വിവരശേഖരണം വികസിപ്പിക്കേണ്ടതാണ്. എന്തെന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇതൊരു ഉപജീവനമാർഗ്ഗമാണ്.

സാങ്കേതിക മെച്ചപ്പെടുത്തലുകളും ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനുള്ള നിയന്ത്രണം വരുത്തുന്നത് കൊണ്ട് കമ്പവല എന്ന പരമ്പരാഗത മത്സ്യബന്ധനം എന്നെന്നേക്കുമായി നിലനിർത്താൻ സഹായിക്കുന്നു.


**ലീല എഡ്വിൻ,**
**മഞ്ജു ലക്ഷ്മി &**
**ദിജു ദാസ് പി. എച്ച്.**
**ഐ. സി. എ. ആർ.-**
**സി. ഐ. എഫ്. ടി.,**
**കൊച്ചിൻ-21**



Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Orange Press, Thiruvananthapuram.
Editor : T. Peter, Mobile : 8289905239, E-mail : alakalfortnightly@gmail.com, peter.ksmtf@gmail.com